LIBRARY ARCHIVES Kerala Legislative Assembly

(ബി) 16.6 കി.മീ. ദൂരമുള്ള പ്രസ്തുത റോഡിൽ എത്ര ദൂരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡിന്റെ 0/000 ചെയിനേജ് മുതൽ 10/680 വരെയുള്ള ഭാഗങ്ങളിലെ ബി.എം, ഓടകൾ, കലുങ്കുകൾ ഉൾപ്പടെയുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത റോഡിൽ നെല്ലിക്കുഴി മുതൽ ഊരംകുഴി വരെ യാതൊരു പ്രവൃത്തിയും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നെല്ലിക്കുഴി മുതൽ ഊരംകുഴി വരെയുള്ള ഭാഗങ്ങളിൽ കിഫ്ബി മാനദണ്ഡ മനുസരിച്ചുള്ള വീതി ഇല്ലാത്തതിനാലും നിലവിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുവാനുള്ള സ്ഥലം ഇല്ലാത്തതിനാലുമാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത്. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള വീതിയിൽ സ്ഥലം ഏറ്റെടുത്താൽ മാത്രമേ റോഡിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത റോഡ് നിലവിലുള്ള വീതിയിൽതന്നെ കിഫ്ബിയിൽ നിലനിർത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി മാനദണ്ഡമനുസരിച്ചുള്ള വീതിയും ഗ്രണമേൻമയും മറ്റ് സൗകര്യ ങ്ങളുള്ളതുമായ റോഡുകളാണ് കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്നത്. അതിൽനിന്നും വ്യതിചലിക്കാൻ നിർവ്വാഹമില്ല.

(ഇ) അല്ലാത്തപക്ഷം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരണത്തിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാരിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനം എടുക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്.

കൊടുന്താർമേൽപ്പാടം പാലം നിർമ്മാണം

95(105) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർവ്വഹിക്കു ന്നതിന് അനുമതി ലഭിച്ചിട്ടുള്ള കൊടുന്താർമേൽപ്പാടം പാലത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ?

സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട്-കൊടുന്താർമേൽപ്പാടം പാലത്തിന്റെ ഡി.പി.ആർ. കിഫ്ബിയിൽ ലഭിക്കുകയും ആയത് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ച് സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

സന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 16-9-2019-ൽ നൽകുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ മറുപടി ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി ആവശ്യപ്പെട്ടതിൻ പ്രകാരം മാറ്റങ്ങൾ ഡി.പി.ആർ.-ൽ വരുത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി നൽകിയിരുന്നത്?

ടി പദ്ധതിക്ക് 10-7-2017-ലെ ജി. ഒ.(ആർ.ടി) നമ്പർ 942/2017/PWD പ്രകാരം ഭരണാനുമതി ലഭിച്ചു.

(സി) ഇതിന്റെ സാമ്പത്തിക അനുമതി വൈകുന്നത് എന്തുകൊണ്ടെന്നും ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

സാമ്പത്തിക അനുമതിക്കായി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിച്ചിരുന്ന ഡി.പി.ആർ.-മേൽ കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി എസ്.പി.വി.ക്ക് നൽകി. ടി റിപ്പോർട്ടിൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും പാലത്തിന്റെയും അനുബന്ധ നിർമ്മിതികളുടെയും ഡിസൈനിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും കൂടുതൽ വിശദമായ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടു. ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ ഇപ്പോൾ പൂർത്തിയായിട്ടുണ്ടെന്നും കിഫ്ബി ആവശ്യപ്പെട്ട വിശദീകരണങ്ങൾക്കുള്ള വിശദമായ മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട എസ്.പി.വി-കളുമായി നിശ്ചിത ഇടവേളകളിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

കിഫ്ബി മുഖേനയുള്ള ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

96(106) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെത്തി ഹാർബർ, മൊബിലിറ്റി ഹബ്ബ്, ജില്ലാകോടതി പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?